പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 542 02.12.2014 -ൽ മറുപടിയ്ക്ക്

## സാമൂഹ്യസുരക്ഷാ സെസ്സ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.വി. അബ്ദുൽ ഖാദർ | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പ് മന്ത്രി) |

---

| | |
|---|---|
| (എ) 2012-13 -ലെ ബഡ്ജറ്റിൽ, വിദേശമദ്യത്തിന്റെ നികുതിയിൽ സാമൂഹ്യസുരക്ഷാ സെസ്സ് എത്ര ശതമാനം വർദ്ധിപ്പിച്ചിട്ടുണ്ടായിരുന്നു; ഇത് വഴി സമാഹരിക്കുന്ന തുക ഏത് ആവശ്യത്തിലേക്ക് മാത്രം വിനിയോഗിക്കുമെന്നായിരുന്നു പ്രഖ്യാപിച്ചിരുന്നത്; | (എ) 2011-12 സാമ്പത്തിക വർഷത്തിൽ 6% ആയിരുന്ന സാമൂഹ്യസുരക്ഷാ സെസ്സ് 2012-13 സാമ്പത്തിക വർഷത്തിൽ 10% ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. ഇത് വഴി സമാഹരിക്കുന്ന തുക ജനങ്ങളുടെ പൊതുവായ സാമൂഹിക ക്ഷേമപദ്ധതികൾക്ക് വേണ്ടിയാണ് വിനിയോഗിക്കുന്നത്. |
| (ബി) സാമൂഹ്യസുരക്ഷാ സെസ് ഇനത്തിൽ വിദേശമദ്യത്തിന്മേലുള്ള നികുതിയിനത്തിൽ 2012-13,2013-14, 2014-15 വർഷങ്ങളിൽ ലഭിച്ച മൊത്തം വരുമാനം എത്ര കോടിയാണ്; | (ബി) സാമൂഹ്യസുരക്ഷാ സെസ് ഇനത്തിൽ വിദേശമദ്യത്തിന്മേലുള്ള നികുതിയിനത്തിൽ 2012-13 വർഷത്തിൽ 407.62 കോടി രൂപയും, 2013-14 വർഷത്തിൽ 440.28 കോടി |

| | | | |
|---|---|---|---|
| | | | രൂപയും, 2014 ഏപ്രിൽ മുതൽ ഒക്ടോബർ വരെ 282.28 കോടി രൂപയും സർക്കാർ ഖജനാവിൽ ലഭിച്ചിട്ടുണ്ട്. |
| (സി) | വിദേശമദ്യത്തിന്റെ മെഡിക്കൽ സെസ്സ് ഇനത്തിൽ ആയതു പ്രാവർത്തികമാക്കിയതിനുശേഷം ഇതിനകം പിരിച്ചെടുത്ത മൊത്തം തുക എത്ര കോടിയാണ്; ഇതിൽ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് എത്ര കോടി കൈമാറിയെന്നറിയിക്കുമോ? | (സി) | വിദേശമദ്യത്തിന്റെ മെഡിക്കൽ സെസ്സ് ഇനത്തിൽ നാളിതുവരെ 98.25 കോടി രൂപ പിരിച്ചെടുത്തിട്ടുണ്ട്. മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് 30 കോടി രൂപയുടെ അധികധനാനുമതി അനുവദിച്ചു നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ